**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1301** **10-10-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ വിവിധ ടൂറിസം പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ടൂറിസം പദ്ധതി നടപ്പാക്കുന്നതിന് ഏതൊക്കെ ഏജൻസികൾക്കാണ് സർക്കാർ പണം കൈമാറിയിട്ടുള്ളത്; പ്രസ്തുത പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടോ; | (എ) | വിവരം ശേഖരിച്ചു വരുന്നു |
| (ബി) | കോവിഡ് മഹാമാരിയും പ്രളയവും കാരണം പ്രതിസന്ധി നേരിട്ട ടൂറിസം മേഖലയ്ക്ക് കൈത്താങ്ങാകാൻ പ്രഖ്യാപിച്ച ആയിരം കോടി രൂപയുടെ പദ്ധതിയെക്കുറിച്ച് വിശദമാക്കുമോ; | (ബി) | വിവരം ശേഖരിച്ചു വരുന്നു |
| (സി) | അഗ്രി ടൂറിസം പദ്ധതി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (സി) | കാർഷിക ടൂറിസത്തെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഈ സർക്കാരിന്റെ കാലത്ത് കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി കേരളത്തിൽ ആരംഭിച്ച പ്രവർത്തനമാണ് കേരള അഗ്രി ടൂറിസം നെറ്റ്‌വർക്ക് .<br><br>കേരളത്തിലെ കൃഷിയിടങ്ങളെ വിനോദസഞ്ചാര മേഖലയുമായി ബന്ധിപ്പിക്കുന്നതിന് കേരളത്തിൽ അഗ്രി ടൂറിസം എന്ന ഈ പ്രോഗ്രാം ആരംഭിക്കുകയും 2021 സെപ്റ്റംബർ 14 -ന് സംസ്ഥാന അടിസ്ഥാനത്തിൽ ലോഞ്ച് ചെയ്യുകയും ചെയ്തു. ഇതിന്റെ ഭാഗമായി രണ്ടു ഘട്ടങ്ങളിലായി 952 യൂണിറ്റുകൾക്ക് പരിശീലനം പൂർത്തിയാക്കി. കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയുടെ നേതൃത്വത്തിൽ ആരംഭിച്ച കേരള അഗ്രി ടൂറിസം നെറ്റ് വർക്കിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന വിവിധ യൂണിറ്റുകൾ മൈക്രോ ടൂറിസം കേന്ദ്രങ്ങളായി വളർന്ന് വൻതോതിൽ വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന നിലയിലേക്ക് മാറിയിട്ടുമുണ്ട്. ശ്രദ്ധേയമായ പ്രവർത്തനം നടക്കുന്ന നിരവധി യൂണിറ്റുകൾ ഇതുവഴി ഉണ്ടായിട്ടുണ്ട്. പദ്ധതി ലോഞ്ച് ചെയ്തു ചുരുങ്ങിയ കാലയളവിനുള്ളിൽ തന്നെ ഒരു കോടിയിലധികം രൂപയുടെ വരുമാനം നേടുവാൻ |

| | | | |
|---|---|---|---|
| | | | കേരള അഗ്രി ടൂറിസം നെറ്റ് വർക്കിൽ ഉൾപ്പെട്ടിട്ടുള്ള യൂണിറ്റുകൾക്കായിട്ടുണ്ട് എന്നത് ശ്രദ്ധേയമായ ഒരു നേട്ടമാണ്.<br><br>നിരവധി യൂണിറ്റുകൾ കൃഷിക്ക് ഒരു കോട്ടവും വരാത്ത രീതിയിൽ ടൂറിസത്തെ ജനകീയമായി കാർഷിക ടൂറിസത്തെ ഉപയോഗപ്പെടുത്താമെന്ന കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയുടെ കാഴ്ചപ്പാടിനനുസരിച്ച് അതിന്റെ മാതൃകയായി വളർന്നു വന്നിട്ടുണ്ട്. ആഗോള ഉത്തരവാദിത്ത ടൂറിസം ഉച്ചകോടിയിൽ ഇതിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട ഒരു യൂണിറ്റിന്റെ പ്രസന്റേഷൻ നടത്തുകയുണ്ടായി. രാജ്യത്തെയും ലോകത്തെയും ശ്രദ്ധേയമായ ഒരു കാർഷിക വിനോദസഞ്ചാര പ്രവർത്തനമായി ഇത് മാറിയിട്ടുണ്ട്. ബെസ്റ്റ് അഗ്രി ടൂറിസം വില്ലേജായി ഈ വർഷം കേന്ദ്ര സർക്കാരിന്റെ അവാർഡ് കുമരകത്തിന് ലഭിച്ചു. |
| (ഡി) | ലൈറ്റ് ഹൗസ് ടൂറിസം പദ്ധതിയെക്കുറിച്ച് വിശദമാക്കുമോ; | (ഡി) | വിവിധ വകുപ്പുകളുടെ കീഴിലുള്ള ലൈറ്റ് ഹൗസുകളിൽ അതത് വകുപ്പുകളാണ് ടൂറിസം പദ്ധതി നടപ്പിലാക്കുന്നത് . |
| (ഇ) | വിനോദസഞ്ചാരം മുൻനിർത്തി ലോകോത്തര അടിസ്ഥാനസൗകര്യ വികസനം നടപ്പാക്കുന്നതിനുള്ള സ്വദേശ് ദർശൻ പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ? | (ഇ) | വിനോദസഞ്ചാരം മുൻനിർത്തി ലോകോത്തര അടിസ്ഥാന സൗകര്യ വികസനം നടപ്പാക്കുന്നതിനുള്ള സ്വദേശ് ദർശൻ പദ്ധതി 1.0 Scheme പ്രകാരം കേരളത്തിൽ 5 പദ്ധതികൾ അനുവദിച്ച് പൂർത്തികരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ ചുവടെ പറയുന്നവയാണ് .<br><br>1. Development of Pathanamthitta - Gavi – Vagamon<br>2. Development of Sree Padmanabha Aranmula<br>3. Development of Sabarimala- Erumeli - Pampa – Sannidhanam<br>4. Development of Rural Circuit - Malanad – Malabar CruiseTourism<br>5. Development of Spiritual Circuit — Sivagiri Sree Narayana Guru Ashram – Aruvippuram Kunnumpara Sree Subramania – Chempazhanthi Sree Narayana Gurukulam<br><br>കേന്ദ്ര ടൂറിസം മന്ത്രാലയം സ്വദേശ് ദർശൻ 2.0 എന്ന സ്കീമിൽ ഉൾപ്പെടുത്തി കോട്ടയം ജില്ലയിലെ കുമരകം, കോഴിക്കോട് ജില്ലയിലെ ബേപ്പൂർ എന്നീ ഡെസ്റ്റിനേഷനുകൾക്ക് അനുമതി ലഭ്യമായത് പ്രകാരം പ്രവർത്തനം ആരംഭ ഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| | | | കൂടാതെ സ്വദേശ് ദർശൻ പദ്ധതിയുടെ ഭാഗമായി ഇടുക്കി ജില്ലയിൽ ഇടുക്കി ഇക്കോ ലോഡ്ജ് നിർമ്മാണം പൂർത്തിയാക്കി 2023 നവംബറിൽ പൊതുജനങ്ങൾക്കായി തുറന്നു കൊടുത്തു. ഇടുക്കി ജില്ലയിലെ പീരുമേട് ഇക്കോ ലോഡ്ജ് ഉടൻ തന്നെ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് വകുപ്പ് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ